# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.401 — 29.11.2018-ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉണ്ണി | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കുന്നതിനും, നികുതി ചോർച്ച തടയുന്നതിനും ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br>1. വിവിധ നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി ആകർഷകമായ ആംനസ്റ്റി സ്കീമുകൾ നടപ്പിലാക്കി.<br>2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.<br>3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ആഡിറ്റ് വിഭാഗം ശക്തമാക്കി.<br>4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യൂവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.<br>5. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.<br>നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും, അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും, സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ നിന്നും വ്യതിചലിക്കാതെയുമുള്ള ധന മാനേജ്മെന്റാണ് സർക്കാർ അനുവർത്തിച്ചു പോരുന്നത്. |
| (ബി) | 2018-19 സാമ്പത്തിക വർഷം ലഭിക്കുമെന്ന് പ്രതീക്ഷിച്ച വരുമാനം എത്രയാണ്; അതിൽ നാളിതുവരെ ലഭ്യമായത് എത്ര; വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ എത്രയെന്നും കുറവ് വരാനിടയായ സാഹചര്യമെന്തെന്നും വിശദീകരിക്കാമോ? | 2018-19സാമ്പത്തിക വർഷം ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 1,02,801.24 കോടി രൂപ റവന്യൂ വരുമാനമായി പ്രതീക്ഷിക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2018 സെപ്റ്റംബർ 30 വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 40,009.48 കോടി രൂപയാണ്. ഈ ഇനത്തിൽ 2017 സെപ്റ്റംബർ മാസത്തെ റവന്യൂ വരുമാനമായ 34,017.25 കോടി രൂപയെ അപേക്ഷിച്ച് 17.62% വർദ്ധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ